# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *247 — 12.03.2018 -ലെ മറുപടിയ്ക്ക്

**ഇന്റേണൽ അസസ്സ്മെന്റ് സംവിധാനം അവസാനിപ്പിക്കാൻ ശിപാർശ**

*ചോദ്യം*

ശ്രീ. പി. ടി. എ. റഹീം
,, എസ്. ശർമ്മ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ. ഡി. പ്രസേനൻ

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിറ്റി റിപ്പോർട്ടിൽ വിദ്യാർത്ഥികളെ വിധേയരാക്കാനായി മാനേജ്മെന്റുകൾ ദുരുപയോഗം ചെയ്യുന്ന ഇന്റേണൽ അസസ്സ്മെന്റ് സംവിധാനം അവസാനിപ്പിക്കാൻ ശിപാർശയുണ്ടോ; എങ്കിൽ ഇതവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ശുപാർശ ഇല്ല. **03.02.2017** ലെ സർക്കാർ ഉത്തരവ് (സാധാ) നം. **179/2017/**ഉ. വി. വ പ്രകാരം സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ച് ചൂഷണങ്ങൾ തടയുന്നതിന്റെ ഭാഗമായി എം. ജി. സർവ്വകലാശാല വൈസ് ചാൻസലർ കൺവീനറായി ഒരു സമിതി രൂപീകരിച്ചിരുന്നു. ടി സമിതിയുടെ വിശദമായ റിപ്പോർട്ട് പരിഗണിച്ച ജസ്റ്റീസ് കെ. കെ. ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ തത്വത്തിൽ അംഗീകരിച്ച് **22.02.2018** ലെ സർക്കാർ ഉത്തരവ് (കൈ) നം.**55/2018/**ഉ. വി. വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികളെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നത് അവസാനിപ്പിക്കാൻ ശക്തമായ നടപടിയുണ്ടാകുമോ; | (ബി) | തത്വത്തിൽ അംഗീകരിച്ച ടി റിപ്പോർട്ടിൻ മേലുള്ള തുടർ നടപടികൾ സർക്കാർ പരിശോധിച്ച വരുന്നു. |

| | | | |
|---|---|---|---|
| (സി) | അധ്യയനത്തിലെ ഗുണനിലവാരം ഉയർത്തുന്നതിനും മാനേജ്മെന്റുകളുടെ അമിതാധികാരത്വര അവസാനിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | സർവ്വകലാശാലകളിലെയും ഗവൺമെന്റ് / എയ്ഡഡ് കോളേജുകളിലെയും അധ്യാപനത്തിന്റെയും അദ്ധ്യാപകരുടെയും മികവും ഗുണനിലവാരവും വർദ്ധിപ്പിക്കാൻ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുകയാണ്. പ്രധാനമായവ ചുവടെ ചേർക്കുന്നു.<br>1. Graduate attributes and Outcome Based Education<br>2. അക്കാദമിക വോളന്റിയർ ബാങ്ക്<br>3. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ പുന:സംഘാടനം<br>4. ബ്രെയിൻ ഗെയിൻ സമീപനം<br>5. അദ്ധ്യാപകരുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികൾ |

സെക്ഷൻ ഓഫീസർ